"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പാർലമെന്ററികാര്യ വകുപ്പ് - പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് - 2023-24 വർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡിന്റെ വിഹിതം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പാർലമെന്ററികാര്യ (എ)വകുപ്പ്**

സ.ഉ.(സാധാ) നം.3/2024/PAD തീയതി,തിരുവനന്തപുരം, 06-02-2024

---

പരാമർശം:-

1. സ.ഉ(സാധ) നം.10/2023/പിഎഡി തീയതി 04/05/2023.
2. സ.ഉ(സാധ) നം.16/2023/പിഎഡി തീയതി 22/06/2023.
3. സ.ഉ(സാധ) നം.26/2023/പിഎഡി തീയതി 25/08/2023.
4. സ.ഉ(സാധ) നം.38/2023/പിഎഡി തീയതി 29/11/2023.
5. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറലിന്റെ 05/01/2024 തീയതിയിലെ 202/INPA/2023 നമ്പർ കത്ത്.

**ഉത്തരവ്**

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനായി 2023-24 സാമ്പത്തിക വർഷം ശമ്പള ഇനത്തിൽ "2052-00-090-73-00-31-NV" എന്ന ശീർഷകത്തിൽ 33,66,000/- രൂപയുടെ (മുപ്പത്തിമൂന്ന് ലക്ഷത്തി അറുപത്തിയാറായിരം രൂപ മാത്രം) ശമ്പളേതര ഇനത്തിൽ "2052-00-090-73-00-36-NV" എന്ന ശീർഷകത്തിൽ 71,50,000/- രൂപയും (എഴുപത്തി ഒന്ന് ലക്ഷത്തി അമ്പതിനായിരം രൂപ) ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള 2023-24 വർഷത്തെ ഗ്രാന്റ്-ഇൻ്-എയ്ഡിന്റെ ഒന്നാം ഗഡുവായി ശമ്പള ഇനത്തിൽ 10 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 5 ലക്ഷം രൂപയും, രണ്ടാം ഗഡുവായി ശമ്പളേതര ഇനത്തിൽ 9 ലക്ഷം രൂപയും, മൂന്നാം ഗഡുവായി ശമ്പള ഇനത്തിലും ശമ്പളേതര ഇനത്തിലും 10 ലക്ഷം രൂപ വീതവും നാലാം ഗഡുവായി ശമ്പള ഇനത്തിലും ശമ്പളേതര ഇനത്തിലും 10 ലക്ഷം രൂപ വീതവും യഥാക്രമം പരാമർശം ഒന്ന്, രണ്ട്, മൂന്ന്, നാല് പ്രകാരം അനുവദിച്ചിരുന്നു.

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള 2023-24 വർഷത്തെ ഗ്രാന്റ്-ഇൻ്-എയ്ഡിന്റെ അടുത്ത ഗഡു വിഹിതമായി ശമ്പള ഇനത്തിൽ 13,50,000/- രൂപയും ശമ്പളേതര ഇനത്തിൽ 50 ലക്ഷം രൂപയും അനുവദിച്ച് നല്കാൻ അഭ്യർത്ഥിച്ച് കൊണ്ട് പരാമർശം അഞ്ച് മുഖേന ആവശ്യമായ രേഖകൾ സഹിതം പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടുത്ത ഗഡു ഗ്രാന്റ്-ഇൻ്-എയ്ഡ് വിഹിതമായി ശമ്പള ഇനത്തിൽ "2052-00-090-73-00-31-NV Grant-in-Aid General Salary" എന്ന ശീർഷകത്തിൽ നിന്നും 3,66,000/- രൂപയും (മൂന്ന് ലക്ഷത്തി അറുപത്തി ആറായിരം രൂപ മാത്രം) ശമ്പളേതര ഇനത്തിൽ "2052-00-090-73-00-36-NV Grant-in-Aid General Non Salary" എന്ന ശീർഷകത്തിൽ നിന്നും 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(സാധാ) നം.3/2024/PAD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
E.P. SAJEEV
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ ജനറൽ, പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം (യഥാർത്ഥ ബില്ലുകൾ സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (31/01/2024 തീയതിയിലെ 2418645/വ്യയം-ബി3/144/2023-ധന പ്രകാരം).

ധനകാര്യ (ജി.എ.എം.സി) വകുപ്പ്.

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
S Feroskhan
Date: 06-02-2024 10:50:02
സെക്ഷൻ ഓഫീസർ